# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 681

19.03.2013ൽ
മറുപടിക്ക്

### കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി നാളികേര പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ ; | എ) കുറ്റ്യാടി നാളികേര പാർക്ക് ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സിയും സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുമായി ചേർന്ന് "കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കമ്പനിയുടെ ഘടനയും പ്രവർത്തനവും എങ്ങനെയായിരിക്കണമെന്നുള്ള നിബന്ധനകൾ രൂപപ്പെടുത്തിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ; | ബി) 1956 ലെ കമ്പനീസ് ആക്ട് പ്രകാരം 2011 ജനുവരി 27 ാം തീയതി കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ലിമിറ്റഡ് രൂപീകരിച്ചു. ഇതിന്റെ 50% ഓഹരികൾ കെ.എസ്.ഐ.ഡി.സി യ്ക്കും ബാക്കി 50% ഓഹരികൾ സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയ്ക്കുമാണ്. നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുക നാളികേര അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, നാളികേര പാർക്ക് തുടങ്ങുക മുതലായ ലക്ഷ്യത്തോടെയാണ് ഇത് സ്ഥാപിച്ചത്. എന്നാൽ ഈ കമ്പനിക്ക് ആകെ മൂലധനം 5 ലക്ഷം രൂപയാണ്. മൂലധന സമാഹരണ പരിമിതികൾ ഉള്ളതുകൊണ്ട് കുറ്റ്യാടിയിൽ പാർക്ക് സ്ഥാപിക്കുന്നത് കെ.എസ്.ഐ.ഡി.സി നേരിട്ടാണ് . സ്ഥലത്തിനും മററ് അനുബന്ധ |

സൗകര്യങ്ങൾക്കുമായി കെ.എസ്.ഐ.ഡി.സി ഇതിനകം 12 കോടി രൂപയോളം ചെലവഴിച്ചുകഴിഞ്ഞു. പാർക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി 40 കോടി രൂപയോളം ആവശ്യമുണ്ട്.

സി) പ്രസ്തുത കമ്പനി ഇപ്പോൾ നിലവിലുണ്ടോ, നാളികേരപാർക്ക് തുടങ്ങുന്നതിൽ കമ്പനിക്കുള്ള പങ്ക് എന്താണെന്നും വ്യക്തമാക്കുമോ;

സി) നിലവിലുണ്ട്. എന്നാൽ ആവശ്യമായ മൂലധനത്തിന്റെ അഭാവത്തിൽ ഈ കമ്പനി പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. കുറ്റ്യാടി പാർക്കിന്റെ നിർമ്മാണം കെ.എസ്.ഐ.ഡി.സി നേരിട്ടാണ് നടത്തുന്നത്. നാളികേര അധിഷ്ഠിത വ്യവസായ വികസനത്തിനായി 131 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു. അതനുസരിച്ച് കുറ്റ്യാഡിയിൽ 115 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്. നാളീകേര പാർക്കിന്റെ നടത്തിപ്പിനു വേണ്ടിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി നേരിട്ട് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പാർക്കിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി കൊച്ചിയിലും കോഴിക്കോടും സംരംഭക സെമിനാർ നടത്തുകയുണ്ടായി. ഈ സാമ്പത്തിക വർഷം തന്നെ പാർക്ക് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളുമായി കെ.എസ്.ഐ.ഡി.സി മുന്നോട്ടു പോകുകയാണ്.

ഡി) പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേര പാർക്കിന്റെ കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തേതിൽ നിന്നും എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റ്യാടി നാളീകേര പാർക്കിൽ ഏർപ്പെടുത്തുന്ന അനുബന്ധ സൗകര്യങ്ങളിൽ വ്യത്യാസങ്ങൾ ഒന്നും വരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ